കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിലെ ഡ്രൈവർമാർക്ക് സ്പെഷ്യൽ പേ

79 [1655] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിലെ ഡ്രൈവർമാർക്ക് സ്പെഷ്യൽപേ നൽകുന്നതു സംബന്ധിച്ച് എന്തെങ്കിലും കേസുകൾ നിലവിലുണ്ടായിരുന്നുവോ;

(ബി) എങ്കിൽ ഈ കേസുകളിൽ കോടതി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഉത്തരവുകൾ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) ഉണ്ട്.

(സി) ഇല്ല. കോടതി ഉത്തരവ് നിലവിലുള്ള പേ റിവിഷൻ ഓർഡറിലെ വ്യവസ്ഥകൾക്കനുസൃതമല്ലാത്തതിനാൽ സർക്കാർ സമർപ്പിച്ച റിട്ട് അപ്പീൽ ബഹു. ഹൈക്കോടതിയുടെ പരിശോധനയിലാണ്.

ഫയർ ആന്റ് റസ്ക്യൂ സർവ്വീസിലെ ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച ഉത്തരവുകൾ

80 [1656] ശ്രീ. എം. എ വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസിൽ ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് പ്രത്യേക മാനദണ്ഡങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഒരു ജില്ലയിൽ മൂന്നുവർഷം പൂർത്തിയാക്കിയ ജീവനക്കാർക്ക് സ്വന്തം ജില്ലയിലേക്ക് ട്രാൻസ്ഫർ ലഭിക്കുന്നതിനുള്ള എക്സിക്യൂട്ടീവ് ഉത്തരവുകൾ ഏതെങ്കിലും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഫയർമാൻമാരുടേയും ഡ്രൈവർമാരുടേയും അന്തർ മേഖലാ സ്ഥലം മാറ്റം സീനിയോറിട്ടിയുടേയും അവരുടെ ഓപ്ഷന്റെയും അടിസ്ഥാനത്തിൽ നടത്തുന്നതിന് മാനദണ്ഡം നടപ്പിലാക്കിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു).†

(ബി) എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ സ്ഥലംമാറ്റം സംബന്ധിച്ച പൊതുമാനദണ്ഡം ബാധകമാക്കിയിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly